വീടിന് ഭീഷണിയാകുന്ന രീതിയിൽ മണ്ണെടുക്കുന്നത് ചോദ്യം ചെയ്ത പെൺകുട്ടിയെ ഉപദ്രവിച്ച കേസിൽ പ്രതി അറസ്റ്റിൽ. മൂവാറ്റുപുഴ മാറാടി പള്ളിക്കവല ഭാഗത്ത് മൂലംകുഴിയിൽ (തെള്ളിക്കുന്നേൽ) വീട്ടിൽ അൻസാർ (39) നെയാണ് മൂവാറ്റുപുഴ പോലീസ് അറസ്റ്റ് ചെയ്തത്. രണ്ടാഴ്ച മുൻപ് കാക്കൂച്ചിറ ഭാഗത്ത് പെൺകുട്ടി താമസിക്കുന്ന വീടിന് സമീപത്ത് നിന്ന് പ്രതി ജെ.സി.ബി ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുകയായിരുന്നു. ഇത് മൊബൈൽ ഫോണിൽ പകർത്തിയതിനാണ് പെൺകുട്ടിയെ അസഭ്യം പറയുകയും ഉപദ്രവിക്കുകയും ചെയ്തത്.